LIBRARY ARCHIVES Kerala Legislative Assembly

സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾ

32 [463] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഇപ്പോൾ ഫണ്ട് അനുവദിക്കുന്നുണ്ടോ;

(ബി) വടകര, തോടന്നൂർ ബ്ലോക്കുകളിൽ എത്ര അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ ജനറൽ ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽപ്പെട്ട അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തുക സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും ഇപ്പോൾ നൽകുന്നില്ല. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് അംഗൻവാടി കെട്ടിടം പണിയുടെ ഉത്തരവാദിത്വം. എന്നാൽ ലോകബാങ്ക് സഹായത്തോടുകൂടിയുള്ള 80 ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും അംഗൻവാടി കെട്ടിടം പണിക്ക് തുക നൽകുന്നുണ്ട്. ഇതിൽ നിന്നും 2003-04 സാമ്പത്തിക വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) ലോകബാങ്കിന്റെ ധന സഹായ പദ്ധതിയനുസരിച്ച് വടകര ബ്ലോക്കിൽപ്പെട്ട അഞ്ച് അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. തോടന്നൂർ ബ്ലോക്കിൽ കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടില്ല.

അംഗൻവാടി കെട്ടിട നിർമ്മാണം

33 [464] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ശിശുവികസന പദ്ധതി പ്രകാരമുള്ള അംഗൻവാടികെട്ടിട നിർമ്മാണം പൂർത്തിയാകാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയിൽ എത്ര അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിച്ചു; നിർമ്മാണം തുടങ്ങാത്തവ എത്ര; പൂർത്തീകരിക്കാനുള്ളവ എത്ര എന്നീ വിവരങ്ങൾ വ്യക്തമാക്കുമോ;

(സി) പൂർത്തിയാകാത്ത അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാൻ എടുത്തു വരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിലെ അംഗനവാടി വർക്കർ/ഹെൽപ്പർമാരുടെ ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി

34 [465] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിൽ ആകെ എത്ര അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ തസ്തികകൾ ഉണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഒഴിവുള്ള പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് ഒരു അംഗീകൃത ലിസ്റ്റ് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടികളാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബാലുശ്ശേരി ഐ.സി.ഡി.എസ്. പ്രോജക്ടിൽ 227 അംഗൻവാടി വർക്കർമാരുടേയും അത്രതന്നെ ഹെൽപ്പർമാരുടേയും തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉടൻ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഒഴിവുകൾ നികത്തുന്നതാണ്.

എം. ജി. പി.-യുടെ ഭാഗമായി തൊഴിൽ നിയമങ്ങളിൽ ഭേദഗതി

35 [466] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. ജി. പി.-യുടെ ഭാഗമായി തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly